## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.294 — 28.05.2019 ൽ മറുപടിക്ക്

## കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ ആശുപത്രികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. ബാബു | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ ആശുപത്രികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ആർദ്രം പദ്ധതിപ്രകാരം ആദ്യഘട്ടത്തിൽ (2017-2018) ൽ തെരെഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും, അവശ്യതസ്തികകൾ സൃഷ്ടിക്കുകയും നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾക്ക് ലഭ്യമായ ഫണ്ട് തുക ഉപയോഗിച്ച് നാഷണൽ ഹെൽത്ത് മിഷൻ മുഖേന അംഗീകൃത ഏജൻസികൾ വഴി നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ച് വരുന്നുണ്ട്. 2018-2019 കാലയളവിൽ ബ്ലോക്ക് സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ഒഴികെ മറ്റ് പ്രാഥമികാരോഗ്യകേന്ദ്രങ്ങളെയും ഉൾപ്പെടുത്തി 504 ആരോഗ്യ സ്ഥാപനങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി വികസിപ്പിക്കുവാൻ സർക്കാർ ഉത്തരവിട്ടിട്ടുണ്ട്.<br><br>കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ ആശുപത്രികളുടെ പ്രവർത്തനം വിലയിരുത്തുവാൻ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ തലത്തിലും, ആരോഗ്യ വകുപ്പ് മന്ത്രിയുടെ തലത്തിലും, അഡീഷണൽ ചീഫ് സെക്രട്ടറി (ആരോഗ്യം) യുടെ തലത്തിലും, സംസ്ഥാനതലത്തിൽ ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ട്. ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായ സംസ്ഥാന സ്റ്റിയറിംഗ് കമ്മറ്റിയും, ആരോഗ്യമിഷൻ ഡയറക്ടർ ചെയർമാനായ സ്റ്റേറ്റ് ടാസ്ക്ഫോഴ്സും ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ ഇടയ്ക്കിടെ സംസ്ഥാനതലത്തിൽ അവലോകനം ചെയ്യാറുണ്ട്. അതു കൂടാതെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാ കളക്ടർ കോ-ചെയർമാനായും ജില്ലാ മെഡിക്കൽ ഓഫീസർ ഉൾപ്പെടുന്ന കമ്മിറ്റി ജില്ലാതലത്തിൽ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ട് |

| | | | |
|---|---|---|---|
| (ബി) | എത്ര കുടുംബാരോഗ്യകേന്ദ്രങ്ങളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ; | (ബി) | ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്ന പദ്ധതി പ്രകാരം ആദ്യഘട്ടത്തിൽ 170 ആരോഗ്യ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും. രണ്ടാം ഘട്ടത്തിൽ 504 ആരോഗ്യസ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് ഉത്തരവായിട്ടുണ്ട്. |
| (സി) | കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം തുടങ്ങിയ ശേഷം ദിനംപ്രതി എത്ര രോഗികളാണ് ഇത്തരം കേന്ദ്രങ്ങളിൽ എത്തുന്നത് എന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കുടുംബാരോഗ്യകേന്ദ്രം തുടങ്ങുന്നതിന് മുമ്പും ശേഷവുമുള്ള കണക്ക് ലഭ്യമാക്കുമോ? | (സി) | പ്രതിമാസ മോണിറ്ററിംഗ് റിപ്പോർട്ടുകൾ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളിൽ രോഗികളുടെ എണ്ണത്തിൽ പൊതുവിൽ വർദ്ധനവുണ്ടായിട്ടുണ്ട് എന്നു കാണുന്നു. |

സെക്ഷൻ ഓഫീസർ